"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത പ്രതികരണ നിധി -മലപ്പുറം ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.48/2026/DMD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:- 1. മലപ്പുറം ജില്ലാ കളക്ടറുടെ 18-06-2025 ലെ DCMPM/1229/2023-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ Restoration of damaged roads എന്ന ശീർഷകത്തിൽ നിന്നും നിലവിൽ പണി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് അനുവദിക്കുന്നതിനായി തുക അപര്യാപ്തമാണെന്നും ആയതിനാൽ 2 കോടി രൂപ നൽകണമെന്നുമാവശ്യപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പണി പൂർത്തിയാക്കി പരിശോധന കഴിഞ്ഞിട്ടുള്ള പ്രവൃത്തികളുടെ വിവരം ലഭ്യമാക്കിയ മലപ്പുറം ജില്ലാ കളക്ടർക്കു 2,03,74,060/- രൂപ 2245-02-106-99-Restoration of Damaged Roads and Bridges എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക വിനിയോഗിക്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, മലപ്പുറം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 23-01-2026 11:29:38